# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1565 13.06.2014-ൽ മറുപടിക്ക്.

### പഞ്ചായത്തുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപവത്കരണം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലറിക്കൽ തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തുകയും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഓരോ അസിസ്റ്റന്റ് എഞ്ചിനീയർമാരേയും ഹെഡ് അക്കൗണ്ടന്റുമാരേയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായി വരുന്നു. പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം സുലേഖ സോഫ്റ്റ്‌വെയർ വഴിയും അക്കൗണ്ടിംഗ് സംവിധാനം സാംഖ്യ സോഫ്റ്റ്‌വെയർ വഴിയും, ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ സേവന (സിവിൽ രജിസ്ട്രേഷൻ), സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സേവന (പെൻഷൻ) എന്നീ സോഫ്റ്റ്‌വെയറുകൾ വഴിയും ചെയ്തു വരുന്നു. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺ ലൈനായി ലഭ്യമാണ്. ഇത്തരം സർട്ടിഫിക്കറ്റുകൾ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണെന്ന് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ സ്ഥാപിച്ച് നികുതി നിർണ്ണയ രജിസ്റ്ററുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയോഗിക്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>പദ്ധതികളുടെ സമയബന്ധിതമായ രൂപീകരണത്തിനായി പ്രോജക്ട് തയ്യാറാക്കൽ, പരിശോധന, അംഗീകാരം എന്നിവ പൂർണ്ണമായും സുലേഖ സോഫ്റ്റ്‌വെയർ വഴി ഇലക്ട്രോണിക് |

സംവിധാനത്തിലാക്കിയിട്ടുണ്ട്. പദ്ധതി അംഗീകാരത്തിന് മുമ്പ് നിലവിലുണ്ടായിരുന്ന സാങ്കേതിക ഉപദേശക സമിതിക്ക് പകരം അതാത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേൽഉദ്യോഗസ്ഥൻ തന്നെ ഓൺലൈനായി അംഗീകാരം നൽകുന്ന നടപടി സ്വീകരിച്ചത് പദ്ധതി അംഗീകാരം വേഗത്തിലാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ പ്രോജക്ട് പരിശോധന, അംഗീകാരം എന്നിവ ജില്ലാ ആസൂത്രണ സമിതി ചെയ്യേണ്ടതില്ലാത്തതും പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച പദ്ധതി രേഖയ്ക്ക് മാത്രം ജില്ലാ ആസൂത്രണസമിതി അംഗീകാരം വാങ്ങിയാൽ മതിയെന്നുമുള്ള മാർഗ്ഗരേഖയിലെ വ്യവസ്ഥ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. 2014–15 സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതി രൂപീകരണം വേഗത്തിൽ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഉത്തരവ് (സ.ഉ(എം.എസ്)നം.362/13/തസ്വഭവ, തീയതി 16.11.13) സർക്കാർ പുറപ്പെടുവിച്ചിരുന്നു.

| | | | |
|---|---|---|---|
| (ബി) | എല്ലാ വർഷവും ഡിസംബർ 31 ന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികളുടെ അംഗീകാരം നേടണമെന്ന വ്യവസ്ഥ എത്രമാത്രം വിജയിച്ചിട്ടുണ്ട് എന്നറിയിക്കുമോ; വിശദാംശം നൽകുമോ? | (ബി) | സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ പദ്ധതിപണം ഗുണനിലവാരം ഇല്ലാത്ത രീതിയിൽ ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കുന്നതിനായി എല്ലാ വർഷവും ഡിസംബർ 31-ന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികൾക്ക് അംഗീകാരം നേടണമെന്ന വ്യവസ്ഥ നടപ്പു സാമ്പത്തിക വർഷത്തിൽ പൂർണ്ണമായും വിജയിച്ചിട്ടില്ലെങ്കിലും പദ്ധതി രൂപീകരണ നടപടികൾ വേഗത്തിലാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. 2014-15 ലെ വാർഷിക പദ്ധതിയ്ക്ക് 2013-14 സാമ്പത്തിക വർഷം തന്നെ 92 ഗ്രാമപഞ്ചായത്തുകൾ അംഗീകാരം വാങ്ങിയിട്ടുണ്ട്. വരും വർഷങ്ങളിൽ അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികൾ ഡിസംബറിനു മുമ്പ് പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ